# കേരളസർവകലാശാല

നം.പി.ആർ.159/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2022 – 23 തിരുത്തലുകൾക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022–23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള (https://admissions.keralauniversity.ac.in) അവസാന തീയതി 2022 ജൂലൈ 31.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനത്തീയതി, അക്കാദമിക് വിവരങ്ങൾ, കോളേജുകളുടെയും കോഴ്സുകളുടെയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്.

### KUCTE - ബി.എഡ്. മാനേജ്മെന്റ് ക്വാട്ട

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള KUCTE കളിലെ 2022 – 23 അദ്ധ്യയന വർഷത്തിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്ക് മാത്രമായുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഇതിനായി https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിലെ B.Ed പേജ് എടുത്ത ശേഷം Management Quota എന്ന ലിങ്ക് വഴി KUCTE Management Quota രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2000/– രൂപ. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കാണുക .

(പ്രത്യക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പി.ജി., എം.ടെക്. പ്രൊവിഷണൽ റാങ്ക്‌ലിസ്റ്റ്

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് 2022 – 23 വർഷത്തെ പി.ജി., എം.ടെക്. പ്രവേശന പരീക്ഷയുടെ പ്രൊവിഷണൽ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (admissions.keralauniversity.ac.in/css2022) ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ്, എം.എസ്‌സി. സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 4 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ആഗസ്റ്റ് 25 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. റെഗുലർ (2020 സ്കീം – 2021 അഡ്മിഷൻ) (ഫുൾടൈം (യു.ഐ.എം.ഉൾപ്പെടെ)/ട്രാവൽ ആന്റ് ടൂറിസം), സപ്ലിമെന്ററി (2020 സ്കീം – 2020 അഡ്മിഷൻ, 2018 സ്കീം – 2018 & 2019 അഡ്മിഷൻ), മേഴ്സിചാൻസ് (2009 സ്കീം – 2010, 2011, 2012, 2013 അഡ്മിഷൻ, 2014 സ്കീം – 2014, 2015, 2016, 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. റെഗുലർ & സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 2 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 5 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 9 വരെയും അപേക്ഷിക്കാം. മേഴ്സിചാൻസ് പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്. (2008 & 2013 സ്കീം) സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ്, ഡിസംബർ 2021 ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ. – VII (ഏഴ്) ആഗസ്റ്റ് 1 മുതൽ 3 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## അദ്ധ്യാപകർക്കുള്ള ഓറിയന്റേഷൻ ക്ലാസ്

കേരളസർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ തെരഞ്ഞെടുത്ത അദ്ധ്യാപകർക്കായി ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച് ഓറിയന്റേഷൻ ക്ലാസുകൾ ജൂലൈ 30, ആഗസ്റ്റ് 6, 20, 27 എന്നീ തീയതികളിലായി പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ സെനറ്റ് ചേമ്പർ, ആലപ്പുഴ എസ്.ഡി. കോളേജ്, പന്തളം എൻ.എസ്.എസ്. കോളേജ്, നിലമേൽ എൻ.എസ്.എസ്.കോളേജ്, കൊല്ലം എസ്.എൻ.കോളേജ് എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്.

## ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്: അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) അഞ്ചാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഏതെങ്കിലും ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ), ഫീസ്: 6000/-, സീറ്റുകൾ: 15. അപേക്ഷ ഫോമുകളും വിശദ വിവരങ്ങളും കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 8, ഫോൺ: 0471 2308846 & 9562722485

തിരുവനന്തപുരം,
27.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

E-mail: For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675